LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ

*7 [97] ശ്രീ. കെ. മോഹൻ കുമാർ:
,, കെ. മുഹമ്മദാലി:
,, എൻ. ഡി. അപ്പച്ചൻ:
,, വർക്കല കഹാർ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ ഉണ്ട്;

(ബി) ഇവയുടെ മേൽ ഗവൺമെന്റിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഒരു മോട്ടോർ ഡ്രൈവിംഗ് സ്കൂളിൽ എന്തെല്ലാം സൗകര്യങ്ങളും എത്ര പരിശീലകരുമാണ് ഉണ്ടായിരിക്കേണ്ടത്; പരിശീലകരുടെ യോഗ്യത എന്താണ്;

(ഡി) നിലവിലുള്ള മോട്ടോർ ഡ്രൈവിംഗ് സ്കൂളുകളിൽ ആവശ്യമായ സൗകര്യങ്ങളും പരിശീലകരുമുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ റിപ്പോർട്ട് ആര് ആർക്കാണ് സമർപ്പിക്കുന്നത്;

(ഇ) ആവശ്യത്തിന് പരിശീലകരും സൗകര്യങ്ങളും ഇല്ലാത്ത സ്കൂളുകളുടെ മേൽ എന്തു നടപടി എടുക്കാറുണ്ട്;

(എഫ്) ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര മോട്ടോർ ഡ്രൈവിംഗ് സ്കൂളുകളുടെ മേൽ നടപടി എടുത്തിട്ടുണ്ട്;

(ജി) മോട്ടോർ ഡ്രൈവിംഗ് സ്കൂളുകളെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ആയിരത്തി അഞ്ഞൂറ്റി മുപ്പത്തിയെട്ട് (1538).

(ബി) മോട്ടോർ വാഹന നിയമം (12)-ൽ അനുശാസിക്കുന്ന തരത്തിൽ സർക്കാരിന് ഡ്രൈവിംഗ് സ്കൂളുകളെ നിയന്ത്രിക്കാൻ അധികാരമുണ്ട്. ഇവയ്ക്ക് അംഗീകാരം നൽകുന്നത് മോട്ടോർ വാഹന ചട്ടം 24-ന് വിധേയമായിട്ടും ഇവ പ്രവർത്തിക്കുന്നത് ചട്ടം 27-ന് വിധേയമായിട്ടുമാണ്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം-I

(ഡി) ഉണ്ട്. പരിശോധനാ റിപ്പോർട്ട് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അല്ലെങ്കിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്.

(ഇ) മോട്ടോർ വാഹന നിയമത്തിന് എതിരായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ അംഗീകാരം റദ്ദാക്കാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നൽകാറുണ്ട്. ഇതിനുള്ള മറുപടി തൃപ്തികരമല്ലെങ്കിൽ ലൈസൻസ് സസ്പെന്റ് ചെയ്യുകയോ, റദ്ദാക്കുകയോ ചെയ്യാറുണ്ട്.

(എഫ്) 157 (നൂറ്റി അൻപത്തിയേഴ്).

(ജി) ഉണ്ട്. കോട്ടയം ജില്ലയിലുള്ള മോട്ടോർഡ്രൈവിംഗ് സ്കൂളുകളെപ്പറ്റി നാറ്റ്പാക്ക് ഒരു പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പഠനം പ്രകാരം കണ്ടുപിടിക്കപ്പെട്ട പ്രധാന ന്യൂനതകൾ ഇപ്രകാരമാണ്.

1. പല സ്കൂളുകൾക്കും സ്വന്തമായ കെട്ടിടം ഇല്ല.
2. പലതിനും വേണ്ടത്ര സ്ഥലസൗകര്യങ്ങളില്ല.
3. ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് സ്വന്തമായി ഗ്രൗണ്ട് ഇല്ല.
4. ഡ്രൈവിംഗ് പ്രാക്ടീസ് നടത്തുന്നത് വളരെ പഴക്കം ചെന്ന വാഹനങ്ങളിലാണ്.
5. പല സ്കൂളുകളിലും ഫസ്റ്റ് എയ്ഡ് പ്രാക്ടീസ് നൽകുന്നതിന് സൗകര്യമില്ലാത്തതിനാൽ അതിനു വേണ്ടി പ്രൈവറ്റ് ആശുപത്രികളെയാണ് ആശ്രയിക്കുന്നത്.
6. ഡ്രൈവിംഗ് സ്കൂളുകൾക്ക് ഒരു ഏകീകൃത ഘടനയോ നിബന്ധനകളോ ഇല്ല.
7. പരിശീലകർക്ക് പ്രാഥമിക ശുശ്രൂഷ നൽകുന്നതിന് മതിയായ പരിജ്ഞാനം ലഭിക്കുന്നില്ല.
8. ഡ്രൈവിംഗ് സ്കൂളുകൾ തങ്ങളുടെ ഡ്രൈവിംഗ് സ്കൂളിന്റെയോ ഉടമസ്ഥന്റെയോ ലൈസൻസും പേരും, അഡ്രസ്സും പ്രദർശിപ്പിക്കുന്നില്ല.
9. പരിശീലകർക്ക് വേണ്ടത്ര വിദ്യാഭ്യാസ യോഗ്യതയോ, ഡ്രൈവിംഗ് എക്സ്പീരിയൻസോ ഇല്ല.

റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

1. ഒരു ഡ്രൈവിംഗ് സ്കൂളിന് ഏറ്റവും കുറഞ്ഞത് 27 സ്ക്വയർ മീറ്റർ വിസ്തൃതി ഉണ്ടായിരിക്കാൻ നിയമത്തിൽ ഭേദഗതി വരുത്തണം.
2. ഡ്രൈവിംഗ് ഓറൽ ടെസ്റ്റിൽ ട്രാഫിക് നിയമങ്ങളെക്കുറിച്ചും പ്രഥമ ശുശ്രൂഷകളെക്കുറിച്ചും വാഹനത്തിന്റെ വിവിധ ഭാഗങ്ങളെക്കുറിച്ചും ചോദ്യങ്ങൾ ഉൾപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

3. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ഡ്രൈവിംഗ് സ്കൂളുകൾ പരിശോധിച്ച് പ്രസ്തുത സ്കൂളുകളിൽ വേണ്ടത്ര യോഗ്യതയുള്ള പരിശീലകർ ഉണ്ടെന്ന് ഉറപ്പ് വരുത്തണം.

4. പ്രഥമ ശുശ്രൂഷ പരിശീലനം നൽകുന്നതിന് ആശുപത്രികളിൽ സൗകര്യം നൽകണം.

5. മോട്ടോർ വാഹന വകുപ്പ് പരിശീലകർക്കായി കൂടെക്കൂടെ ക്ലാസ്സുകൾ നടത്തണം.

6. മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥൻമാർ വർഷത്തിൽ കുറഞ്ഞത് 2 പ്രാവശ്യമെങ്കിലും ഡ്രൈവിംഗ് സ്കൂളുകൾ പരിശോധിച്ച് അവ നിയമ വിധേയമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നും ഉറപ്പു വരുത്തണം.

7. 20 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഡ്രൈവിംഗ് പരിശീലനത്തിന് ഉപയോഗിക്കുന്നത് നിരോധിക്കണം.

8. ഡ്രൈവിംഗ് പരിശീലകർക്ക് ഐഡന്റിറ്റി കാർഡ് നൽകണം.

തൊഴിലില്ലായ്മ വേതന കുടിശ്ശിക

*8 [98] ശ്രീ. വി. കെ. ചന്ദ്രൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മാനിരക്ക് ഗണ്യമായി വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമപ്രദേശങ്ങളിലെ മൊത്തം തൊഴിലില്ലായ്മാനിരക്കിലും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മാ നിരക്കിലും ഇന്ത്യയിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണെന്ന് വെളിപ്പെടുത്തുമോ;

(സി) തൊഴിൽ ഇല്ലാത്ത എത്ര പേർക്ക് ഇപ്പോൾ തൊഴിലില്ലായ്മാ വേതനം നൽകിവരുന്നുണ്ട്;

(ഡി) ആയത് കാലികമായി വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ;

(ഇ) ഏറ്റവും ഒടുവിൽ ഏതു മാസം വരെയുള്ള തൊഴിലില്ലായ്മാവേതനം നൽകിയിട്ടുണ്ട്;

(എഫ്) ഈ ഇനത്തിൽ എത്ര കോടി രൂപ കുടിശ്ശികയായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[22-1-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7 (97) കാണുക]

ഒരു ഡ്രൈവിംഗ് സ്കൂളിൽ താഴെപറയുന്ന സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ

1. സ്കൂളിന് സ്വന്തമായോ, പാട്ടത്തിനെടുത്തതോ ആയ സ്ഥലവും (വാഹനം പാർക്ക് ചെയ്യുന്നതിനും) കെട്ടിടവും, (ക്ലാസ് നടത്തുന്നതിന്, മോഡലുകൾ പ്രദർശിപ്പിക്കുന്നതിനും) ഉണ്ടായിരിക്കണം.

2. ഏതു തരം വാഹനം ഓടിക്കുന്നതിനാണോ പരിശീലനം നൽകുന്നത്, ആ ഇനത്തിൽപ്പെട്ട ഏറ്റവും കുറഞ്ഞത് ഒരു വാഹനമെങ്കിലും ഉണ്ടായിരിക്കണം.

3. പരിശീലനം നൽകാൻ ഉപയോഗിക്കുന്ന വാഹനങ്ങളിൽ (ഇരുചക്ര വാഹനമൊഴികെ) ഇരട്ട നിയന്ത്രണ സംവിധാനം ഉണ്ടായിരിക്കണം.

4. ഡ്രൈവിംഗ് സ്കൂളിൽ പരിശീലകർക്ക് ക്ലാസ് എടുക്കുന്നതിനുവേണ്ടി താഴെ പറയുന്ന ഉപകരണങ്ങൾ ഉണ്ടായിരിക്കണം. ബ്ലാക്ക് ബോർഡ്, റോഡ് സിഗ്നലുകളും ചാർട്ടുകളും ഉൾപ്പെടെയുള്ള റോഡ് പ്ലാൻ, ട്രാഫിക് അടയാളങ്ങൾ രേഖപ്പെടുത്തിയ ചാർട്ട്, ആട്ടോമാറ്റിക് സിഗ്നൽ ചാർട്ടും, ട്രാഫിക് സിഗ്നൽ ചാർട്ടും, ഒരു മോട്ടോർ വാഹനത്തിന്റെ പ്രവർത്തനം വിശദീകരിക്കുന്ന പടത്തോടുകൂടിയ ചാർട്ട്, ഇൻജിൻ ഗിയർ ബോക്സ്, പങ്ചർ കിറ്റ്, ടയർ ലിവർ, വീൽ ബേയ്സ്, ടയർ പ്രഷർ ഗേജ്, സ്പാനറുകൾ, ഡ്രൈവിംഗ് ഇൻസ്ട്രക്ഷൻ മാനുവൽ, പരിശീലകർക്ക് ഇരിക്കാൻ ആവശ്യമായ ബെഞ്ചും, ഡെസ്കും, ആട്ടോമൊബൈൽ മെക്കാനിസം, ഡ്രൈവിംഗ്, റോഡ് സുരക്ഷാ, ട്രാഫിക് നിയന്ത്രണങ്ങൾ, മോട്ടോർ വാഹന നിയമം ഇവ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ കൂടാതെ ഫസ്റ്റ് എയ്ഡ് ബോക്സ് തുടങ്ങിയവ ഉണ്ടായിരിക്കണം.

കൂടാതെ സ്കൂൾ ഉടമസ്ഥനോ അല്ലെങ്കിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്ന ജീവനക്കാരനോ താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

1. അയാൾ പത്താം ക്ലാസ് പാസ്സായിരിക്കണം.

2. അഞ്ചു വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയവും കൂടാതെ മോട്ടോർ മെക്കാനിസത്തിൽ സർട്ടിഫിക്കറ്റ് കോഴ്സും പാസ്സായിരിക്കണം.

3. ട്രാഫിക് അടയാളങ്ങളെക്കുറിച്ചും, ഡ്രൈവിംഗ് നിയമങ്ങളെക്കുറിച്ചും നല്ല അറിവുണ്ടായിരിക്കണം.

4. മോട്ടോർ വാഹനത്തിന്റെ ഓരോ ഭാഗത്തെക്കുറിച്ചും വിശദമായി പറഞ്ഞും പ്രവർത്തിപ്പിച്ചും കാണിച്ചുകൊടുക്കാനുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.

5. ഇംഗ്ലീഷ് അല്ലെങ്കിൽ പ്രാദേശിക ഭാഷ നന്നായിട്ട് അറിഞ്ഞിരിക്കണം. പരിശീലകരുടെ എണ്ണത്തെക്കുറിച്ച് പ്രത്യേകിച്ച് നിയമത്തിൽ പറഞ്ഞിട്ടില്ല.

2/404/2012—37a.

LIBRARY ARCHIVES Kerala Legislative Assembly